# റബർ ബോർഡ് എംപ്ലോയീസ് സഹകരണ സംഘം
## ക്ലിപ്തം നമ്പർ കെ. 155, കളക്ട്രേറ്റ് പി. ഒ., കോട്ടയം - 686002

**RBECS : 173 / 2023-24** **സർക്കുലർ** **17-11-2023**

മാന്യ സഹകാരികളെ,

ബഹുമാന്യരായ അംഗങ്ങളുടെയും, ജീവനക്കാരുടെയും സഹകരണത്തോടുകൂടി സംഘത്തിന്റെ പ്രവർത്തനങ്ങൾ പൂർവ്വാധികം ഭംഗിയായി മുന്നോട്ട് കൊണ്ടുപോവാൻ ഭരണസമിതിക്ക് സാധിച്ചു എന്ന് അറിയിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. എല്ലാവരുടെയും തുടർ സഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട് അംഗങ്ങളുടെ അറിവിലേയ്ക്കായി താഴെ പറയുന്ന കാര്യങ്ങൾ പ്രസിദ്ധപ്പെടുത്തുന്നു.

### 1. GDC സ്കീം

നിലവിൽ ഒഴിവുള്ള 1 ലക്ഷം രൂപ സലയുടെ 25 മാസ കാലാവധിയുള്ള GDCS ൽ ചേരുവാൻ താല്പര്യമുള്ള അംഗങ്ങൾ ₹ 3,400/- രൂപ സംഘത്തിൽ നേരിട്ടോ അല്ലെങ്കിൽ ബാങ്ക് അക്കൗണ്ടിലോ അടയ്ക്കാവുന്നതാണ്. G-PAY വഴി തുക അടയ്ക്കുന്ന അംഗങ്ങൾ അക്കാര്യം സംഘത്തിൽ അറിയിക്കേണ്ടതാണ്. സംഘം പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന 25 മാസ കാലാവധി ഉള്ള 2 ലക്ഷം രൂപ സലയുള്ള 2 ഉം 1 ലക്ഷം രൂപ സലയുള്ള 1 ന്റെയും ജി.ഡി.സി. സ്കീമിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിരിക്കുന്നു. സഹകരണ വകുപ്പിൽ നിന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം അംഗങ്ങളെ അറിയിക്കുന്നതാണ്.

**ബാങ്ക് അക്കൗണ്ട് നമ്പർ**

1. SBI, കോട്ടയം സിവിൽ സ്റ്റേഷൻ ബ്രാഞ്ച് A/C No. : 67005990629, IFSC : SBIN 0070101
2. CBI, റബർ ബോർഡ് കീഴുക്കുന്ന് ബ്രാഞ്ച് A/C No. : 1559500012, 1450317202 IFSC : CBIN 0284150

### 2. ഗിഫ്റ്റ്, കലണ്ടർ & ഡയറി

സംഘത്തിൽ നിന്നും പതിവ് പോലെ ഈ വർഷവും അംഗങ്ങൾക്ക് നൽകുന്ന ഗിഫ്റ്റ്, കലണ്ടർ, ഡയറി എന്നിവ വിതരണം ചെയ്യുന്നതാണ്. ഗിഫ്റ്റ് വിതരണം ചെയ്യുന്ന തീയതി പൊതുയോഗത്തിന് ശേഷം അറിയിക്കുന്നതാണ്.

### 3. റെക്കറിംഗ് ഡെപ്പോസിറ്റ്/ത്രിഫ്റ്റ് ഡെപ്പോസിറ്റ്

റെക്കറിംഗ് ഡെപ്പോസിറ്റ് / ത്രിഫ്റ്റ് ഡെപ്പോസിറ്റ് എന്നിവയ്ക്ക് യഥാക്രമം 6.50% നിരക്കിൽ പലിശ നൽകി വരുന്നു. അംഗങ്ങൾക്ക് ചേരാവുന്ന റെക്കറിംഗ് ഡെപ്പോസിറ്റ്, ത്രിഫ്റ്റ് ഡെപ്പോസിറ്റ് ഇവയുടെ തുക പരമാവധി ₹ 10,000/- രൂപ വരെയായി പരിമിതപ്പെടുത്തിയിരിക്കുന്നു. റെക്കറിംഗ് ഡെപ്പോസിറ്റ് തുടങ്ങുന്ന അംഗങ്ങൾ അതിന്റെ ആദ്യ തവണ സംഘത്തിൽ നേരിട്ടോ അല്ലെങ്കിൽ ബാങ്ക് അക്കൗണ്ടിലോ അടയ്ക്കാവുന്നതാണ്.

### 4. ഡിവിഡന്റ്

2022-23 വർഷത്തെ ലാഭത്തിന്റെ **25% ഡിവിഡന്റ്** അംഗങ്ങൾക്ക് പൊതുയോഗത്തിന് ശേഷം നൽകുന്നതാണ്.

### 5. സേവിംഗ്സ് ബാങ്ക് നിക്ഷേപം

സംഘത്തിൽ പുതുതായി ആരംഭിച്ച സേവിംഗ്സ് ബാങ്ക് അക്കൗണ്ടിന്റെ ഉത്ഘാടനം 11-10-2023 തീയതിയിൽ പ്രസിഡന്റ് ശ്രീ. പ്രദീപ് സി. ആദ്യ അക്കൗണ്ട് ഭരണ സമിതി അംഗമായ ശ്രീമതി കെ. കെ. ലീനയ്ക്ക് നൽകി നിർവ്വഹിച്ചു. സംഘത്തിലെ എ, ബി ക്ലാസ് അംഗങ്ങൾക്ക് ഇതിന്റെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങാൻ ആഗ്രഹിക്കുന്ന അംഗങ്ങൾ അപേക്ഷ ഫോമിനോടൊപ്പം കെ.വൈ.സി. ഫോം, 2 പാസ്സ്പോർട്ട് സൈസ് ഫോട്ടോ, പാൻ കാർഡ്, ആധാർ കാർഡ് എന്നിവയുടെ കോപ്പിയും പൂരിപ്പിച്ച് നൽകേണ്ടതാണ്. 4% മാണ് നിലവിലെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിന്റെ പലിശ നിരക്ക്. അംഗങ്ങൾക്ക് ₹ 500/-. മിനിമം ബാലൻസ് അക്കൗണ്ടിൽ ഉണ്ടായിരിക്കേണ്ടതാണ്. മാക്സിമം തുകയ്ക്ക് പരിധി ഉണ്ടായിരിക്കുന്നതല്ല.

### 6. റിസ്ക് ഫണ്ട്

സഹകരണ വകുപ്പിന്റെ 11-10-2022 തീയതിയിലെ സർക്കുലർ നമ്പർ 32/2022 പ്രകാരം സ്വന്തം ഫണ്ട് വായ്പ എടുക്കുന്ന അംഗങ്ങളിൽ നിന്നും റിസ്ക് ഫണ്ടിനത്തിൽ വായ്പ തുകയുടെ 0.50% എന്ന നിരക്ക് 11-10-2022 മുതൽ 0.70% ആയി വർദ്ധിപ്പിച്ചിരിക്കുന്നു. റിസ്ക് ഫണ്ട് പ്രീമിയം തുക വർദ്ധിപ്പിച്ച കുറഞ്ഞത് ₹ 100/- (നൂറ് രൂപ) ആയി നിലനിർത്തിക്കൊണ്ട് പരമാവധി ₹ 2000/- (രണ്ടായിരം) രൂപയും ആയതിന്റെ ജി.എസ്.ടി. (18%) ₹ 360/- (മുന്നൂറ്റി അറുപത്) രൂപയുമായി നിജപ്പെടുത്തിയും, റിസ്ക് ഫണ്ട് ധനസഹായ തുക മരണാനന്തര സഹായമായി പരമാവധി ₹ 2,00,000/- (രണ്ട് ലക്ഷം) രൂപയിൽ നിന്ന് ₹ 3,00,000/- (മൂന്ന് ലക്ഷം) രൂപയായും, ചികിത്സാ ധനസഹായം പരമാവധി ₹ 1,00,000/- (ഒരു ലക്ഷം) രൂപയിൽ നിന്ന് ₹ 1,25,000/- (ഒരു ലക്ഷത്തി ഇരുപത്തയ്യായിരം) രൂപയായും കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് വർദ്ധിപ്പിച്ചിട്ടുണ്ട്. ആയതിനാൽ സ്വന്തം ഫണ്ട് വായ്പ എടുക്കുന്ന അംഗങ്ങൾ അവരുടെ വായ്പ തുകയുടെ പുതിയ നിരക്കിലുള്ള റിസ്ക് ഫണ്ട് പ്രീമിയവും ആയതിന്റെ ജി. എസ്. ടി. യും അടയ്ക്കുവാൻ ബാദ്ധ്യസ്ഥരാണ്.

### 7. സ്ഥിരനിക്ഷേപം

സ്ഥിര നിക്ഷേപത്തിനുള്ള പുതുക്കിയ പലിശ 08-03-2023 മുതൽ താഴെപ്പറയുന്ന നിരക്കിൽ ലഭിക്കുന്നതാണ്.

| | |
|---|---|
| **46 ദിവസം മുതൽ 90 ദിവസം വരെ** | **6.50%** |
| **91 ദിവസം മുതൽ 179 ദിവസം വരെ** | **7.00%** |
| **180 ദിവസം മുതൽ 364 ദിവസം വരെ** | **7.25%** |
| **1 വർഷം** | **8.25%** |

നിലവിൽ കാലാവധി ആയിട്ടുള്ള സ്ഥിര നിക്ഷേപ രസീതുകൾ 30 ദിവസത്തിനുള്ളിൽ നിർബന്ധമായും പുതുക്കേണ്ടതാണ്. അല്ലാത്തപക്ഷം നിക്ഷേപത്തിന് സാധാരണ പലിശനിരക്ക് ലഭിക്കുന്നതാണ്. സ്ഥിരനിക്ഷേപങ്ങൾക്ക് ഓട്ടോ റിന്യൂവൽ പദ്ധതി 2024 ജനുവരി മുതൽ ആരംഭിക്കുന്നതാണ്. 2024 ജനുവരി മാസം മുതൽ കാലാവധി പൂർത്തിയാകുന്ന സ്ഥിരനിക്ഷേപങ്ങൾ കാലാവധിക്ക് ശേഷം പുതുക്കിയാൽ മാത്രമേ ആട്ടോ റിന്യൂവൽ ആനുകൂല്യം ലഭ്യമാവുകയുള്ളൂ. ഈ പദ്ധതി പ്രകാരം സ്ഥിരനിക്ഷേപങ്ങൾക്ക് യഥാകാലം നിലവിലുള്ള പലിശനിരക്ക് ലഭ്യമാകുന്നതാണ്. മൊബൈൽ ഫോൺ നമ്പർ നൽകാത്ത അംഗങ്ങൾ സംഘത്തെ അറിയിക്കേണ്ടതാണ്. സ്ഥിര നിക്ഷേപത്തിൽ നിന്നും വായ്പ എടുക്കുന്നതിനുള്ള ഫോറം സംഘത്തിൽ നിന്നും ലഭിക്കുന്നതാണ്. പുതിയ FD നിക്ഷേപിക്കുന്നവർ FD രസീത് സംഘത്തിൽ നിന്ന് നേരിട്ട് കൈപ്പറ്റേണ്ടതാണ്. ആയത് സാധിക്കാത്തവർ Authorisation Letter നൽകി കൈപ്പറ്റാവുന്നതാണ്. FD രസീതുകൾ നഷ്ടപ്പെട്ടാൽ അംഗങ്ങൾക്ക് Duplicate FD ഒന്നിന് ₹ 250/- രൂപ അടച്ച് രസീത് കൈപ്പറ്റാവുന്നതാണ്.

## 8. വിദ്യാഭ്യാസ സഹായ പദ്ധതി.

ഗ്രേഡ് പേ ₹ 2,000/- വരെയുള്ള അംഗങ്ങളുടെ കുട്ടികൾക്ക് നൽകിവരുന്ന വിദ്യാഭ്യാസ ആനുകൂല്യം (2022-2023) ലഭിക്കുന്നതിന് രക്ഷിതാക്കളായ അംഗങ്ങളിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷയോടൊപ്പം സാലറി സ്ലിപ്പ് കൂടി വയ്ക്കണം.

**അർഹത**

1) ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് വരെ മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ.
2) വിദ്യാർത്ഥികൾ വർഷാവസാന പരീക്ഷയിൽ എല്ലാ വിഷയത്തിനും ജയിച്ചവരായിരിക്കണം.
3) ഒരംഗത്തിന്റെ ഒരു കുട്ടിക്ക് മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ.

## 9. മെറിറ്റ് അവാർഡ്

2022-23 അദ്ധ്യയന വർഷത്തിൽ താഴെപ്പറയുന്ന കോഴ്സുകൾക്ക് ഉന്നതവിജയം നേടി വിജയിച്ച കുട്ടികളുടെ രക്ഷിതാക്കളായ അംഗങ്ങളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

1. പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് (SSLC, CBSE, ICSE) 90% ന് മുകളിൽ മാർക്ക് ലഭിച്ച കുട്ടികൾക്ക്
2. പ്ലസ് ടൂ വിഭാഗത്തിൽ (ALL SYLLABUS) 90% ന് മുകളിൽ മാർക്ക് ലഭിച്ച കുട്ടികൾക്ക്
3. ബി. എ., ബി. എസ്. സി., ബി.കോം തുടങ്ങിയ ബിരുദ കോഴ്സുകളിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച ഓരോ വിദ്യാർത്ഥിക്ക്.
4. എം. എ., എം. എസ്. സി., എം. കോം. തുടങ്ങിയ എല്ലാ ബിരുദാനന്തര ബിരുദ കോഴ്സുകളിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച ഓരോ വിദ്യാർത്ഥിക്ക്
5. പ്രൊഫഷണൽ കോഴ്സുകളിൽ ഓരോ വിഭാഗത്തിലും ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച ഓരോ വിദ്യാർത്ഥിക്ക്.

## 10. എൻഡോവ്മെന്റ് ഫണ്ട് അവാർഡ്

(i) a) **ഗോൾഡൻ ജൂബിലി മെമ്മോറിയൽ മെറിറ്റ് അവാർഡ്**

b) RBECS Endowment

കനക ജൂബിലി സ്മാരകമായി സൊസൈറ്റി ഏർപ്പെടുത്തിയ ഈ അവാർഡ് (STATE BOARD, CBSE, ICSE) 12-ാം ക്ലാസ് ഉന്നതവിജയം നേടുന്ന കുട്ടികൾക്ക് നൽകുന്നതാണ്.

(ii) **പി. എൻ. ഗണപതി അയ്യർ എൻഡോവ്മെന്റ് ഫണ്ട് അവാർഡ്**

Pay Matrix 4 വരെയുള്ള അംഗങ്ങളുടെ കുട്ടികൾക്ക് മാത്രം

+2 സയൻസ് ഗ്രൂപ്പിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന ഒരു കുട്ടിയ്ക്ക് ഈ അവാർഡ് നൽകുന്നതാണ്.

(iii) **ഡോക്ടർ എൻ. ഉഷാ നായർ മെമ്മോറിയൽ എൻഡോവ്മെന്റ് അവാർഡ്**

+2 പരീക്ഷയിൽ ഉന്നതവിജയം നേടുന്ന ഒരു വിദ്യാർത്ഥിക്ക്

അവാർഡിനർഹരായ കുട്ടികളുടെ അംഗങ്ങളായ മാതാപിതാക്കൾ അപേക്ഷയോടൊപ്പം സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പികൾ **2023 ഡിസംബർ മാസം 5-ാം തീയതി (ചൊവ്വാഴ്ച) 5.00 പി. എം ന്** മുൻപായി സംഘം ആഫീസിൽ നേരിട്ടോ, ഈമെയിൽ/പോസ്റ്റ് ആയോ എത്തിക്കേണ്ടതാണ്. അപൂർണ്ണമായ അപേക്ഷകൾ നിരസിക്കുന്നതാണ്. പ്രസ്തുത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. അപേക്ഷകൾ സംഘത്തിന്റെ വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്.

## 11. വാർഷിക പൊതുയോഗം

**2023 ഡിസംബർ മാസം 30-ാം തീയതി ശനിയാഴ്ച** സംഘത്തിന്റെ വാർഷിക പൊതുയോഗം നടത്തുന്നതാണ്. പൊതുയോഗത്തിന്റെ വാർഷിക റിപ്പോർട്ടും, കണക്കും എല്ലാ അംഗങ്ങൾക്കും എത്തിക്കുന്നതാണ്. പൊതുയോഗത്തിൽ കഴിയുന്നതും എല്ലാ അംഗങ്ങളും പങ്കെടുക്കണമെന്ന് താൽപര്യപ്പെടുന്നു. സംഘത്തിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് എല്ലാ അംഗങ്ങളുടെയും തുടർ സഹകരണം ഒരിക്കൽകൂടി അഭ്യർത്ഥിച്ചുകൊണ്ട്

കോട്ടയം
17-11-2023

ഭരണസമിതിക്കുവേണ്ടി
(ഒപ്പ്)
സെക്രട്ടറി ഇൻ-ചാർജ്